## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 259** | **13-03-2020 ൽ മറുപടിക്ക്**

### സംസ്ഥാനത്തെ ഭൂമി സംബന്ധമായ വിവരങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി സി.കെ. ആശ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമി സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമാക്കുമോ; | (എ) സംസ്ഥാനത്ത് ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമിയും, പുറമ്പോക്ക് ഭൂമിയും, ഉടമസ്ഥരില്ലാത്ത ഭൂമിയും സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിക്കുന്നതിനും, ടി വിവരങ്ങൾ രേഖപ്പെടുത്തിക്കൊണ്ടുള്ള രജിസ്റ്ററുകൾ ബന്ധപ്പെട്ട എല്ലാ റവന്യൂ ഓഫീസുകളിലും സൂക്ഷിക്കുന്നതിനും നിർദ്ദേശം നൽകിക്കൊണ്ട് 08.05.2019 ലെ സ.ഉ (സാധാ) നം. 1077/2019/റവന്യൂ നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ അസിസ്റ്റന്റ് കമ്മീഷണറുടെ (എൽ.എ) നേതൃത്വത്തിൽ ലാൻഡ് മാനേജ്മെന്റ് സെൽ എന്ന പേരിൽ ഒരു സെൽ രൂപീകരിച്ച് പ്രൊഫോർമ തയ്യാറാക്കി ജില്ലകൾക്ക് അയച്ച് നൽകി വിവരശേഖരണം നടത്തി വരുന്നതുമാണ്. |
| (ബി) സംസ്ഥാനത്തെ പുറമ്പോക്ക് ഭൂമി, ഉടസ്ഥരില്ലാത്ത ഭൂമി എന്നിവ സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) സംസ്ഥാനത്തെ പുറമ്പോക്ക് ഭൂമി സംബന്ധിച്ച് വിവരശേഖരണം നടത്തിയിട്ടുള്ളതാണ്. റവന്യൂ റിക്കാർഡുകൾ പ്രകാരം (ReLIS) സംസ്ഥാനത്തെ പുറമ്പോക്ക് ഭൂമിയുടെ വിസ്തീർണ്ണം 2263333.9647 ഏക്കറാണ്. (915938.7591 ഹെക്ടർ). ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

**സംസ്ഥാനത്തെ പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരം**

| ജില്ല | വിസ്തീർണ്ണം | കൈവശങ്ങൾ |
|---|---|---|
| തിരുവനന്തപുരം | 40219.862764 | 116117 |
| കൊല്ലം | 75502.487587 | 123414 |
| പത്തനംതിട്ട | 14626.592675 | 77003 |
| ആലപ്പുഴ | 15995.702721 | 90232 |
| കോട്ടയം | 29291.889035 | 104906 |
| ഇടുക്കി | 104777.24284 | 72456 |

| | | |
|---|---|---|
| എറണാകുളം | 101350.563115 | 109966 |
| തൃശ്ശൂർ | 54551.23 | 129267 |
| പാലക്കാട് | 163137.898416 | 137079 |
| മലപ്പുറം | 74396.342463 | 58427 |
| കോഴിക്കോട് | 41967.12434 | 38683 |
| വയനാട് | 105204.926808 | 33014 |
| കണ്ണൂർ | 91577.73423 | 39011 |
| കാസർഗോഡ് | 3339.16216 | 15052 |
| **ആകെ** | **915938.7591 ഹെക്ടർ (2263333.9647 ഏക്കർ)** | **1144627** |

സംസ്ഥാനത്ത് ഉടമസ്ഥരില്ലാതെ കിടക്കുന്ന ഭൂമികൾ 1964 ലെ കേരള എസ്ചീറ്റ്സ് ആന്റ് ഫോർഫീച്ചേഴ്സ് ആക്ട് പ്രകാരം സർക്കാരിലേക്ക് ഏറ്റെടുത്തിട്ടുള്ളതാണ്.അപ്രകാരം സർക്കാരിലേക്ക് ഏറ്റെടുത്തിട്ടുള്ള ഭൂമിയുടെ നിലവിലെ വിസ്തീർണ്ണം 2769.8399 ഹെക്ടറാണ് (6844.4234509 ഏക്കർ) ജില്ലാ അടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.

| **എസ്ചീറ്റ് ഭൂമി സംബന്ധിച്ച വിവരം** | |
|---|---|
| **ജില്ല** | **വിസ്തീർണ്ണം (ഹെ.ആർ)** |
| തിരുവനന്തപുരം | 3.2073 |
| കൊല്ലം | 0 |
| പത്തനംതിട്ട | 6.288 |
| ആലപ്പുഴ | 0 |
| കോട്ടയം | 0.0205 |
| ഇടുക്കി | 0.582 |
| എറണാകുളം | 0.2906 |
| തൃശ്ശൂർ | 2.7773 |
| പാലക്കാട് | 0.433 |
| മലപ്പുറം | 0.3797 |
| കോഴിക്കോട് | 1700.0652 |
| വയനാട് | 761.3065 |
| കണ്ണൂർ | 294.9413 |
| കാസർഗോഡ് | 0.0485 |
| **ആകെ** | **2769.8399** |

| | |
|---|---|
| (സി) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള വസ്തുവകകളിന്മേൽ സംസ്ഥാന സർക്കാരിനുള്ള നിയമപരമായ അവകാശം സംരക്ഷിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | (സി) സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശത്തിലുള്ള വസ്തുക്കളിൽ സംസ്ഥാന സർക്കാർ സൗജന്യമായോ വ്യവസ്ഥകൾക്ക് വിധേയമായോ നൽകിയവയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിനും, അതിന്റെ അടിസ്ഥാനത്തിൽ, അന്യാധീനത്തിലാക്കാനോ വിറ്റഴിക്കാനോ തീർച്ചപ്പെടുത്തിയ വസ്തുവകകളിന്മേൽ സംസ്ഥാന സർക്കാരിനുള്ള നിയമപരമായ അവകാശം മുൻകൂട്ടി ഉന്നയിച്ചോ നിയമ വഴികളിലൂടെയോ സംസ്ഥാന സർക്കാരിനുണ്ടാകുന്ന നഷ്ടം നികത്താനും പൊതു താത്പര്യം സംരക്ഷിക്കാനുമുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ അസിസ്റ്റന്റ് കമ്മീഷണറുടെ (ലാൻഡ് അസൈൻമെന്റ്) നേതൃത്വത്തിൽ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ച് 29.07.2019 ലെ സ.ഉ (എം.എസ്) 243/2019/റവന്യൂ നമ്പരായി സർക്കാർ ഉത്തരവായിട്ടുള്ളതും, ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശത്തിലുള്ള വസ്തുവകകളുടെ വിവര ശേഖരണം നടത്തി വരുന്നതുമാണ്. |
| (ഡി) പൊതു ആവശ്യത്തിനുള്ള വിവിധ പദ്ധതികൾക്ക് വേഗത്തിൽ ഭൂമി ലഭ്യമാക്കുന്നതിനായി സർക്കാരിന്റെ വിവിധ വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റം സംബന്ധിച്ച നടപടി ക്രമങ്ങൾ ലഘൂകരിക്കുമോ; വിശദാംശം നൽകുമോ? | (ഡി) വിവിധ വകുപ്പുകളുടെ കൈവശമുള്ള ഭൂമി കൈമാറ്റത്തിനായുള്ള നടപടികൾ 05.06.2018 ലെ സ.ഉ (പി) 31/2018/ആർ.ഡി പ്രകാരം ലഘൂകരിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവ് പ്രകാരം കോർപ്പറേഷൻ പരിധിയിൽ 10 സെന്റ് വരെയും , മുൻസിപ്പാലിറ്റിയിൽ 25 സെന്റ് വരെയും, പഞ്ചായത്തിൽ 50 സെന്റ് വരെയുമുള്ള ഭൂമി സേവന വകുപ്പുകൾക്ക് കൈമാറുന്നതിനുള്ള അധികാരം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുള്ളതാണ്. |

**സെക്ഷൻ ഓഫീസർ**